# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2285 | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

**ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ മുന്നൊരുക്കം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഒ. രാജഗോപാൽ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലായപ്പോൾ അതിന്റെ മുന്നൊരുക്കം നടത്തുന്നതിന് കേന്ദ്ര സർക്കാർ വേണ്ടത്ര സമയം നൽകിയിട്ടും സംസ്ഥാനം ആയത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ചയൊന്നുമുണ്ടായിട്ടില്ല. ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമാണ്. ജി.എസ്.ടി യുടെ അടിസ്ഥാനശിലയായ ജി.എസ്.ടി.എൻ പൂർണ്ണമായും സജ്ജമാകുന്നതിനു മുമ്പ് കേന്ദ്രഗവൺമെന്റ് ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയതാണ് നിലവിലുള്ള പ്രശ്നങ്ങൾക്ക് കാരണം. ജി.എസ്.ടി റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാനുള്ള സോഫ്റ്റ് വെയർ ഇതുവരെയും സജ്ജമായിട്ടില്ല. നിലവിലുള്ള റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി തന്നെ പലതവണ നീട്ടിയത് ഇതിന് ഉദാഹരണമാണ്. |
| (ബി) | ജി.എസ്.ടി പ്രായോഗികമാകണമെങ്കിൽ വളരെ വിശാലവും സങ്കീർണവുമായ കമ്പ്യൂട്ടർ ശൃംഖല സജ്ജമാക്കണമെന്നിരിക്കെ കേരളത്തിൽ ഇതിന്റെ ശ്രമം ജി.എസ്.ടി. പ്രാവർത്തികമായ സമയത്ത് എന്തുകൊണ്ട് നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് വിശദമാക്കാമോ ? | (ബി) | കേരളം മോഡൽ 1 സംസ്ഥാനമാണ്. ജി.എസ്.ടി യുടെ ബാക്ക് എൻഡ് മൊഡ്യൂൾ മാത്രമാണ് ഇത്തരം സംസ്ഥാനങ്ങൾ തയ്യാറാക്കുന്നത്. ജി.എസ്.ടി നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ വേണ്ട, രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതിഅടവ് എന്നിവ ഫ്രണ്ട് എൻഡിലാണ്. ഇത് ജി.എസ്.ടി.എൻ ആണ് തയ്യാറാക്കുന്നത്. അത് പൂർണ്ണമായും സജ്ജമാകാത്തതാണ് ഇന്ത്യയിലൊട്ടാകെയുള്ള പ്രശ്നം. |

സെക്ഷൻ ഓഫീസർ